"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ല-വാഴയൂർ ഗ്രാമപഞ്ചായത്തിലെ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലർക്ക് ശ്രീ. അനീഷ് കുമാർ കെ.വി. ക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2992/2022/LSGD തീയതി,തിരുവനന്തപുരം, 03-12-2022

പരാമർശം:-

1. ശ്രീ. കെ. ദേവദാസൻ 13/08/2020 തീയതിയിൽ തദ്ദേശ സ്വയംഭരണ സെക്രട്ടറി മുമ്പാകെ സമർപ്പിച്ച പരാതി.
2. പഞ്ചായത്ത് ഡയറക്ടറുടെ 25.06.2021-ലെ PAN/5586/2021-D4(DP) നമ്പർ കത്ത്.
3. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2022-ലെ PAN/5586/2021-D4(DP) നമ്പർ കത്ത്.

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ റോഡ് നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി മുമ്പാകെ ശ്രീ ദേവദാസൻ പരാമർശം (1) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ അന്വേഷണം നടത്തി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ട് പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു.

പ്രസ്തുത റിപ്പോർട്ട് പ്രകാരം ഈ വിഷയത്തിൽ കൃത്യമായ നടപടിക്രമങ്ങൾ പാലിക്കാതെയും, കേരള തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കാതെയുമാണ് സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലർക്ക് ശ്രീ. അനീഷ് കുമാർ കെ.വി. പ്രവർത്തിച്ചിട്ടുള്ളത് എന്നു കാണുന്നുവെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2017 മെയ് മാസത്തിൽ ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചുവെന്നും ടിയാന് എല്ലാ പെൻഷൻ ആനുകൂല്യങ്ങളും നല്കികഴിഞ്ഞിട്ടുണ്ടെന്നും, ടിയാനെതിരെ തുടർനടപടി സ്വീകരിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്യുകയും ചെയ്തിരിക്കുന്നു.

പ്രസ്തുത വിഷയത്തിൽ സർക്കാരിന് നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല. കൂടാതെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിജിലൻസ് റിപ്പോർട്ടിൽ ശ്രീ. അനീഷ് കുമാർ കെ.വി 2017 മെയ് മാസത്തിൽ വിരമിച്ചതിനാൽ ടിയാനെതിരെ നടപടി ശുപാർശ ചെയ്യുന്നില്ലായെന്ന് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. ടിയാന് എല്ലാ പെൻഷൻ ആനുകൂല്യങ്ങളും നല്കികഴിഞ്ഞ സാഹചര്യത്തിൽ KSR, Part III, Rule 59 (d) പ്രകാരം മാസപെൻഷനിൽ നിന്നും ആജീവനാന്തം തുക കുറയ്ക്കുക എന്ന ശിക്ഷ മാത്രമേ നല്കാൻ കഴിയുകയുള്ളൂ. മേൽ സാഹചര്യത്തിൽ മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ റോഡ് നിർമ്മാണത്തിലെ ക്രമക്കേട് സംബന്ധിച്ച് 2017 മെയ് മാസത്തിൽ വിരമിച്ച ഹെഡ് ക്ലർക്ക് ശ്രീ. അനീഷ് കുമാറിനെതിരായ തുടർ നടപടി ഒഴിവാക്കിയും അച്ചടക്കനടപടി തീർപ്പാക്കിയും ഉത്തരവ്

പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ആവശ്യമായ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. ശ്രീ. അനീഷ് കുമാർ കെ.വി, മുൻ ഹെഡ് ക്ലാർക്ക്, വാഴയൂർ ഗ്രാമപഞ്ചായത്ത്.(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
3. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം.
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/197/2020/തസ്വഭവ നമ്പർ ഫയലിൽ)

ഉത്തരവിൻ പ്രകാരം

**Signed by Noushad M**
**Date: 05-12-2022 10:39:09**
സെക്ഷൻ ഓഫീസർ